വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അറിയാം. ഈ ഒക്ടോബർ മാസം മുതൽ ഒരു തറിക്ക് ഒരു മാസം പത്തുകഴി നൂൽവീതം കൊടുക്കുന്നു. അതുകൊണ്ട് തറി ഉടമസ്ഥന് മുടങ്ങാതെ തൊഴിൽ നടത്തുവാൻ പ്രയാസമാണെന്നും അറിയാം.

ഇരുമ്പും ഉരുക്കും

*വ ൫ ൫. (൭൯) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ —

(എ) ൧൯൫൫ ആഗസ്റ്റ് മാസത്തിൽ എത്ര ടൺ ഇരുമ്പും ഉരുക്കും എറണാകുളം മേത്തർ സ്റ്റോർസിനു നൽകിയിട്ടുണ്ട്;

(ബി) തിരുവിതാംകൂറിലെ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ആഗസ്റ്റ് മാസത്തിൽ ഇരുമ്പും ഉരുക്കും നൽകിയിട്ടുള്ളതിൽ ഏറ്റവും കൂടുതൽ എത്ര; ആർക്ക്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഒന്നും നൽകിയിട്ടില്ല.

(സി) മുന്നേകാൽ ടൺ. നാഗർകോവിൽ സ്കൂൾ ഓഫ് കൃഷ്ണൻ കോളേജിന്റെ ഡിഗ്രി കോളേജ് ബിൽഡിങ്ങ് കമ്മിറ്റി കൺവീനർ ശ്രീ. നേശമണിക്കാണ്.

തുറമുഖത്തൊഴിലാളികൾ

*വ ൫൭. (വ ൦) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ തുറമുഖത്തൊഴിലാളികൾ മൺസൂൺ വേതനം കിട്ടണമെന്നു കാണിച്ചു ഷിപ്പിംകമ്പനിക്കും കൺട്രാക്ടർക്കും സമർപ്പിച്ച മെമ്മോറിയലിനെ തുടർന്നുണ്ടായിട്ടുള്ള തർക്കം തീരുമാനിക്കുന്നതിനു ലേബർ അസിസ്റ്റൻറ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ട് എത്ര കാലമായി;

(ബി) എന്തുകൊണ്ട് ആ കാര്യത്തിനു ഇതുവരെ ഒരു തീരുമാനമുണ്ടായില്ല?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) മൺസൂൺകാലത്തു് ആലപ്പുഴ തുറമുഖത്തൊഴിലാളികൾക്കു് വേല ഇല്ലാത്തതിനാൽ അതിനു പരിഹാരമായി വേതനം കിട്ടണമെന്നു കാണിച്ചു് ആലപ്പുഴ പോർട്ട് വർക്കേഴ്സ് യൂണിയൻ ൧൯൫൫ ജൂൺ ൪൹ൽ ഒരു പ്രമേയം പാസാക്കി അയയ്ക്കുകയും അതിനെപ്പറ്റി പോർട്ട് തൊഴിലാളികളുടേയും സ്റ്റീവ് ഡോറിംഗ് കൺട്രാക്ടർമാരുടേയും പ്രതിനിധികൾ അടങ്ങിയ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയിൽ ആലപ്പുഴ അസിസ്റ്റൻറ് ലേബർ കമ്മീഷണരുടെ മദ്ധ്യസ്ഥതയിൽ ൧൯൫൫ ജൂൺ ൨൰ൽ പ്രാരംഭചർച്ച നടത്തുകയും ഉണ്ടായി. ഈ അവകാശവാദം കൺട്രാക്ടർമാരുടെ പ്രതിനിധികൾ സമ്മതിക്കുകയുണ്ടായില്ല. അതിനുശേഷം തൊഴിലാളി യൂണിയൻ ഈ പ്രശ്നം ഉന്നയിച്ചിട്ടില്ല.

(ബി) മുകളിൽ നൽകിയിരിക്കുന്ന ഉത്തരം നിമിത്തം ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly